## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 365** — **28.05.2019 - ൽ മറുപടിക്ക്.**

### റേഷൻ കാർഡിനുള്ള അപേക്ഷകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. ജോയി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഏത് വിധേനയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിലവിൽ അക്ഷയ കേന്ദ്രങ്ങൾ വഴിയും സിറ്റിസൺ ലോഗിൻ വഴിയും സ്വീകരിക്കുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസ സംബന്ധമായോ ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയോ അത്യാവശ്യമായി കാർഡ് ലഭിക്കേണ്ടവരുടെ അപേക്ഷകൾ അതാത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിൽ സ്വീകരിക്കുന്നതാണ്. |
| (ബി) ഓൺലൈൻ മുഖേനയല്ലാതെ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ട് അപേക്ഷ സ്വീകരിക്കരുതെന്ന ഉത്തരവുകൾ ഏതെങ്കിലും നിലവിലുണ്ടോ; | (ബി) ഇല്ല. എന്നാൽ വിദ്യാഭ്യാസ സംബന്ധമായോ, ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയോ അത്യാവശ്യമായി കാർഡ് ലഭിക്കേണ്ടവരുടെ അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിൽ സ്വീകരിക്കുന്നതിനും അല്ലാത്ത അപേക്ഷകൾ അക്ഷയ വഴി സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ കാർഡ് നൽകുവാനാണ് നിർദ്ദേശി യും ച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്ത് നാളിതുവരെ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് സേവനാവകാശ നിയമപ്രകാരമുള്ള കാലയളവായ 1 ദിവസത്തിനുള്ളിൽ പുതിയകാർഡ് ലഭ്യമാകുന്നതാണ്. നിലവിൽ ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ആയത് പാലിക്കപ്പെടുന്നു ണ്ടോയെന്നും ഏതെങ്കിലും യും ഓഫീസിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) |

സെക്ഷൻ ഓഫീസർ